**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1924** **04-02-2026 - ൽ മറുപടിയ്ക്ക്**

**ദേശമംഗലം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ദേശമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ചേലക്കര നിയോജക മണ്ഡലത്തിലെ ദേശമംഗലം ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിക്കായി ചേലക്കര നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 27.10.2025 തീയ്യതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം 50.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. 06.11.2025 തീയ്യതിയിലെ ഉത്തരവ് പ്രകാരം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതം ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതിയും നൽകിയിരുന്നു. 89.17 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും 08.11.2025, 18.12.2025 & 02.01.2026 എന്നീ തീയ്യതികളിലായി ദർഘാസ് ക്ഷണിക്കുകയും ചെയ്തു. എന്നാൽ കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ 28.01.2026 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഏതെല്ലാം ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്കായി എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും; വിശദമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിക്കായി കരാറുകാരനെ ലഭിച്ചാലുടൻ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ